3. വരുമാനവും കുടുംബപിൻബലവും നോക്കാതെ കർഷക തൊഴിലാളി പെൻഷൻ നൽകാൻ ചട്ടത്തിൽ അയവുവരുത്തുക.

വരുമാനപരിധി നോക്കാതെ പെൻഷൻ നൽകുക എന്ന ആവശ്യം നിലവിലുള്ള ചട്ടപ്രകാരം അനുവദനീയമല്ല.

4. ഹരിജൻ സ്ത്രീയെ ബലാൽസംഗം ചെയ്തതായി തെളിയിക്കപ്പെട്ടാൽ ബലാൽസംഗവീധേയയ്ക്ക് 5000 രൂപ നൽകുമെന്ന സംസ്ഥാന സർക്കാരിന്റെ ഉത്തരവു പിൻവലിക്കുക. പ്രസ്തുത ധനസഹായം തൽക്കാലം പിൻവലിക്കാൻ ഉദ്ദേശിക്കുന്നില്ല.

5. പത്താംതരത്തിൽ തോൽക്കുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് തുടർന്നു പഠിക്കുന്നതിനുള്ള ട്യൂഷൻ ഫീസും ലംപ്സം ഗ്രാന്റും നൽകുക.

ഈ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

പട്ടികജാതിക്കാരുടെ വീട് ഓടുമേയുന്നതിനുള്ള ഗ്രാന്റ്

730. [1215] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ വർഷം ഹരിജനക്ഷേമ വകുപ്പിന്റെ കീഴിൽ പട്ടികജാതിക്കാർക്ക് വീട് ഓടുമേയുന്നതിനുള്ള ഗ്രാന്റ് കൂടുതൽ പേർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഈ ഇനത്തിൽ എത്രപേരെ തെരഞ്ഞെടുക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) തിരുവനന്തപുരം കളക്ടറാഫീസിൽ നൽകിയിട്ടുള്ള ലിസ്റ്റ് നറുക്കെടുക്കുവാനുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുകയുടെ അടിസ്ഥാനത്തിൽ മാത്രമേ പട്ടികജാതിക്കാർക്ക് വീട് ഓടുമേയുന്നതിനുള്ള ധനസഹായം നൽകാൻ സാധിക്കുകയുള്ളൂ. ഈ സാമ്പത്തികവർഷം 3 ലക്ഷം രൂപ മാത്രമേ ഇതിനായി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളൂ. ടി തുക എല്ലാ ജില്ലകൾക്കുമായി ജനസംഖ്യാനുപാതികമായി വീതിച്ചു നൽകിയിട്ടുണ്ട്. ആകെ 150 പേരെയാണ് ധനസഹായം നൽകുവാൻ തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) 16 പേരെ.

(സി) 24-10-1986-ൽ 16 പേരെ തെരഞ്ഞെടുത്തു. ലിസ്റ്റ് കളക്ടറാഫീസിൽ അല്ല. ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ആണ് കൊടുക്കുന്നത്.

ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള പരിപാടികൾ

731. [1218] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

ടൂറിസ്റ്റ് വാരാഘോഷത്തോടനുബന്ധിച്ച് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഈ വർഷം എന്തെല്ലാം പരിപാടികൾ ആസൂത്രണം ചെയ്തുവെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly